ഉത്തരം

(എ) സമാന സ്വഭാവത്തിലുള്ള ക്ഷേമനിധി ബോർഡുകൾ സംയോജിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമപദ്ധതികളിൽ സമാന സ്വഭാവമുള്ളതും താരതമ്യേന അംഗങ്ങൾ കുറവുള്ളതുമായ ക്ഷേമ പദ്ധതികൾ കൂട്ടിച്ചേർത്ത് കേരള അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി ബോർഡിന്റെ കീഴിൽ കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) വിവിധ ക്ഷേമ പദ്ധതികളെ ഒരു ബോർഡിന്റെ കീഴിൽ കൊണ്ടു വരുന്നതുവഴി ഭരണച്ചെലവ് ഗണ്യമായി കുറയ്ക്കാൻ കഴിയും. കൂടാതെ എല്ലാ പദ്ധതികൾക്കുംകൂടി ഏകീകൃതമായ പദ്ധതിയും, ചട്ടങ്ങളും നടപ്പിലാക്കാൻ സാധിക്കും.

(സി) ഒന്നിലധികം ബോർഡുകളിൽ അംഗങ്ങളായവരുടെ വിവരങ്ങൾ കണ്ടെത്തുന്നതിന് അഡ്വാൻസ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം എന്ന സോഫ്റ്റ്വെയർ തയ്യാറാക്കി അംഗങ്ങളുടെ പേരുവിവരം ഡിജിറ്റൈസ് ചെയ്യുന്ന നടപടി തുടർന്നുവരുന്നു.

(ഡി) ഇതിനായി ക്ഷേമനിധി അംഗങ്ങളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്ത് ബാങ്ക് അക്കൗണ്ട് നമ്പരുമായി ബന്ധപ്പെടുത്തി രജിസ്ട്രേഷൻ നൽകുന്ന നടപടി അക്ഷയ സെന്ററുവഴി നടന്നുവരുന്നു.

**നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ട്-അനുമതിയില്ലാതെ തുക വകമാറ്റൽ**

**186 (6891)** ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഫണ്ടിൽ നിന്നും ബോർഡിന്റെ അനുമതിയില്ലാതെ പണം ട്രഷറിയിലേക്ക് മാറ്റിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയാണ് ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

**നിർമ്മാണ തൊഴിലാളികളുടെ ക്ഷേമനിധി പെൻഷൻ**

**187 (6892)** ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മാണതൊഴിലാളിക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്യുന്നതിന് ആധാർ കാർഡും അക്ഷയ രജിസ്ട്രേഷനും ബാങ്ക് അക്കൗണ്ടും നിർബന്ധ



LIBRARY ARCHIVES Kerala Legislative Assembly